# അദ്ധ്യായം VI

# സാമ്പത്തിക കാര്യ നിർവ്വഹണം

വകയിരുത്തിയ ഫണ്ടുകളെ സംബന്ധിച്ച്, ആരോഗ്യ മേഖലയിലെ ചെലവ് 2016-17-ലെ 97.64 ശതമാനത്തിൽ നിന്ന് 2020-21-ൽ 93.28 ശതമാനമായി കുറഞ്ഞു. എന്നിരുന്നാലും, 2021-22 വർഷത്തിൽ ആരോഗ്യമേഖലയിലെ ചെലവ് വകയിരുത്തിയ തുകയുടെ 98.92 ശതമാനമായി വർദ്ധിച്ചു. എന്നാൽ, മുൻവർഷത്തെ അപേക്ഷിച്ച് ഫണ്ട് വിഹിതം കുറഞ്ഞ 2019-20 കാലയളവൊഴികെ, 2016-17 മുതൽ 2021-22 വരെയുള്ള ആറു വർഷത്തെ കാലയളവിൽ സംസ്ഥാനത്തെ ആരോഗ്യ സേവനങ്ങൾക്കുള്ള ബജറ്റ് വിഹിതം 2016-17 ലെ ₹6,146.69 കോടിയിൽ നിന്ന് 2021-22-ൽ ₹12,212.51 കോടിയായി 98.68 ശതമാനം വർദ്ധനവ് കാണിച്ചു. 2017 - ലെ ദേശീയ ആരോഗ്യ നയം വിഭാവനം ചെയ്തതുപോലെ, സംസ്ഥാന ആരോഗ്യ മേഖലയിലെ ചെലവ്, ബഡ്ജറ്റിന്റെ എട്ട് ശതമാനമാക്കുക എന്ന ലക്ഷ്യം നേടിയില്ല. ഓഡിറ്റ് കാലയളവിൽ ആരോഗ്യ മേഖലയിൽ ചെലവഴിച്ച ₹48,735.92 കോടിയിൽ, 4.24 ശതമാനം മാത്രമാണ് മൂലധന ചെലവ്. മരുന്നുകൾ വാങ്ങുന്നതിനായി കെഎംഎസ്‌സിഎല്ലിന് ഫണ്ട് അനുവദിച്ചത് ആവശ്യകതയെ അടിസ്ഥാനമാക്കിയായിരുന്നില്ല.

ആരോഗ്യ സംവിധാനത്തിന്റെ ലക്ഷ്യങ്ങൾക്കനുസൃതമായി ലഭ്യമായ പൊതു ഫണ്ടുകൾ സ്ഥാപനങ്ങൾക്ക് നൽകുന്നുവെന്ന് ഉറപ്പാക്കുക എന്നത് സംസ്ഥാനത്തെ ഏതൊരു ആരോഗ്യ പരിപാലന സംവിധാനത്തിന്റെയും പ്രധാന ആവശ്യമാണ്. അത്തരം ധനസഹായം സർക്കാരുകൾക്കും ആരോഗ്യ അധികൃതർക്കും അവരുടെ ലക്ഷ്യങ്ങൾ നിറവേറ്റാനുള്ള സാമ്പത്തിക ശേഷിയും പ്രോത്സാഹനവും നൽകുന്നു. തുടർന്നുള്ള ഖണ്ഡികകളിൽ ചർച്ച ചെയ്യുന്നതുപോലെ, ആരോഗ്യ സംരക്ഷണ മേഖലയിലെ ഫണ്ടുകളുടെ ആസൂത്രണത്തിലും പര്യാപ്തതയിലും ഉള്ള പോരായ്മകൾ, രേഖകളുടെ പരിശോധനയിൽ വെളിപ്പെട്ടു.

## 6.1 ആസൂത്രണവും ധനപരമായ വിലയിരുത്തലും

കേരള സർക്കാർ എല്ലാ മേഖലകൾക്കും ദീർഘകാല പദ്ധതികളും (പഞ്ചവത്സര പദ്ധതി) വാർഷിക പദ്ധതികളും തയ്യാറാക്കി. കേരള സർക്കാരിന്റെ 13-ാം പഞ്ചവത്സര പദ്ധതി നയത്തിന്റെ (2017-22) ഊന്നൽ പൊതുമേഖലയിലുള്ള ആരോഗ്യ രംഗത്തിനു ഉന്നത നിലവാരം ഉറപ്പാക്കുക, ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് ലഭ്യതയും താങ്ങാനാവുന്ന വിലയും മെച്ചപ്പെടുത്തുക, ഇൻഷുറൻസ് പരിരക്ഷ വിപുലീകരിക്കുക, സമകാലിക കേരളം അഭിമുഖീകരിക്കുന്ന ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാൻ ഉദ്ദേശിച്ചുള്ള പദ്ധതികളും പരിപാടികളും ആവിഷ്കരിക്കുക എന്നിവയായിരുന്നു. ആശുപത്രികൾക്കുള്ള അടിസ്ഥാന സൗകര്യങ്ങളും യന്ത്രങ്ങളും ഉപകരണങ്ങളും വികസിപ്പിക്കുക, തിരഞ്ഞെടുത്ത ജില്ലാതല ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ വികസിപ്പിക്കുക, എല്ലാ ആശുപത്രികളിലും രോഗീ സൗഹൃദ ഔട്ട്പേഷ്യന്റ് പരിചരണം തുടങ്ങിയവയും നിർദ്ദിഷ്ട സംരംഭങ്ങളിൽ ഉൾപ്പെടുന്നു.

സംസ്ഥാനത്തെ ആരോഗ്യ സേവനങ്ങൾ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ദേശീയ ആരോഗ്യ നയം 2017-ന് (എൻ എച്ച് പി) അനുസൃതമായി കേരള സർക്കാർ ഒരു സംസ്ഥാന ആരോഗ്യ നയരേഖ (2019 ജനുവരി) തയ്യാറാക്കുകയും ചെയ്തു. എല്ലാവർക്കും സാർവത്രികവും താങ്ങാനാവുന്നതും ഗുണമേന്മയുള്ളതുമായ ആരോഗ്യപരിരക്ഷ ലഭ്യമാക്കുവാനാണ് നയം ലക്ഷ്യമിടുന്നത്.

## 6.2 സാമ്പത്തിക നിലയും നിർവ്വഹണവും

സംസ്ഥാന ആരോഗ്യ മേഖലയ്ക്ക് ഫണ്ട് ലഭിക്കുന്ന പ്രധാന സ്രോതസ്സുകൾ ആണ്, സംസ്ഥാന സർക്കാരിന്റെ ഫണ്ടുകളും, കേന്ദ്ര സർക്കാരിന്റെ ഫണ്ടുകളും (സംസ്ഥാന സർക്കാർ, അതിന്റെ ആനുപാതിക വിഹിതത്തോടെ (60 : 40) ദേശീയ ആരോഗ്യ ദൗത്യത്തിനും (എൻഎച്ച്എം), ദേശീയ ആയുഷ് ദൗത്യത്തിനും (എൻഎഎം)) നൽകുന്നു. എംപി/എംഎൽഎ വികസനം, പൊതുമേഖലാ സ്ഥാപനങ്ങളുടെ കോർപ്പറേറ്റ് സാമൂഹിക പ്രതിബദ്ധതാ ഫണ്ട് (സിഎസ്ആർ), തദ്ദേശ ഭരണകൂടങ്ങൾ, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി, കിഫ്ബി എന്നിവയ്ക്ക് കീഴിലുള്ള ഫണ്ടുകളും കേരള സർക്കാർ വിനിയോഗിക്കുന്നു.

കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ബഡ്ജറ്റുകളിലെ വകയിരുത്തലുകളുടെയും ചെലവുകളുടെയും വിശദാംശങ്ങൾ **പട്ടിക 6.1**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 6.1: ആരോഗ്യമേഖലയിലെ വിഹിതത്തിന്റെയും ചെലവിന്റെയും വിശദാംശങ്ങൾ (കേന്ദ്ര സർക്കാരും കേരള സർക്കാരും)**

***(₹ കോടിയിൽ)***

| വർഷം | കേന്ദ്ര സർക്കാർ # | | | കേരള സർക്കാർ # | | |
|---|---|---|---|---|---|---|
| | മൊത്തം ബഡ്ജറ്റ് പ്രൊവിഷൻ | ചെലവ് | മിച്ചം | മൊത്തം ബഡ്ജറ്റ് പ്രൊവിഷൻ | ചെലവ് | മിച്ചം |
| 1 | 2 | 3 | 4=(2-3) | 5 | 6 | 7=(5-6) |
| 2016-17 | 648.22 | 591.92 | 56.30 | 5498.47 | 5409.94 | 88.53 |
| 2017-18 | 607.07 | 627.55 | -20.48* | 6544.70 | 6281.03 | 263.67 |
| 2018-19 | 655.56 | 630.86 | 24.70 | 7443.55 | 6636.32 | 807.23 |
| 2019-20 | 715.20 | 689.10 | 26.10 | 7108.37 | 6871.56 | 236.81 |
| 2020-21 | 1412.10 | 1125.60 | 286.50 | 8147.10 | 7791.22 | 355.88 |
| 2021-22 | 1594.25 | 1476.30 | 117.95 | 10618.26 | 10604.52 | 13.74 |
| **ആകെ** | **5632.40** | **5141.33** | **491.07** | **45360.45** | **43594.59** | **1765.86** |

*#കേന്ദ്ര, സംസ്ഥാന ഫണ്ടുകളുമായി ബന്ധപ്പെട്ട വിഹിതത്തിന്റെയും ചെലവിന്റെയും വിഭജനം 2022-23 മുതലാണ് സംസ്ഥാന ബജറ്റിൽ ലഭ്യമായിരുന്നത്. ഓരോ കേന്ദ്ര സർക്കാർ പദ്ധതിയ്ക്കും നിർദ്ദേശിച്ചിട്ടുള്ള കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും വിഹിതത്തിന്റെ ശതമാനം കണക്കാക്കിയാണ് പട്ടിക തയ്യാറാക്കിയത്.*

** 2017-18 കാലയളവിൽ ചെലവ് വകയിരുത്തിയതിലും അധികമായിരുന്നു.*

*(ഉറവിടം: അതത് വർഷങ്ങളിലെ കേരള സർക്കാരിന്റെ ധനവിനിയോഗ അക്കൗണ്ടുകൾ)*

2016-17 മുതൽ 2021-22 വരെയുള്ള കാലയളവിൽ 91.28 ശതമാനം കേന്ദ്ര സർക്കാർ ഫണ്ടുകളും 96.11 ശതമാനം സംസ്ഥാന സർക്കാർ ഫണ്ടുകളും ഉപയോഗിച്ചുവെന്ന് മുകളിലെ പട്ടികയിൽ നിന്ന് വ്യക്തമാണ്. 2016-17 മുതൽ 2021-22 വരെയുള്ള കാലയളവിൽ കേന്ദ്ര, കേരള സർക്കാർ ഫണ്ടുകൾക്കെതിരായ വാർഷികാടിസ്ഥാനത്തിലുള്ള സേവിംഗ്സ് **ചാർട്ട് 6.1**-ൽ കാണിച്ചിരിക്കുന്നു.

**ചാർട്ട് 6.1: കേന്ദ്ര സർക്കാർ, കേരള സർക്കാർ ഫണ്ടുകൾക്കെതിരെ മിച്ചത്തുക (ശതമാനത്തിൽ)**




2021-22 ൽ ₹13.74 കോടി (0.13 ശതമാനം) മുതൽ 2018-19-ൽ ₹807.23 കോടി (10.84 ശതമാനം) വരെയാണ് കേരള സർക്കാർ ഫണ്ടുകൾക്കെതിരായ മിച്ചം. 2017-18 വർഷത്തിൽ കേന്ദ്ര സർക്കാർ ഫണ്ടുകളുടെ കാര്യത്തിൽ അധികച്ചെലവുണ്ടായി. 2019-20 ൽ ₹26.10 കോടി (3.65 ശതമാനം) മുതൽ 2020-21 -ൽ ₹286.50 കോടി വരെ (20.29 ശതമാനം) മിച്ചം വന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളെ സംബന്ധിച്ചിടത്തോളം, 2016-22 വർഷങ്ങളിൽ, ഏറ്റവും ഉയർന്ന മിച്ചത്തുകയായ ₹284.26 കോടി എൻ എച്ച് എമ്മിന് ആയിരുന്നു (60:40 വിഹിതം) (2021-22 -ൽ മിച്ചമില്ല). തുടർന്നുള്ള ഏറ്റവും ഉയർന്ന മിച്ചത്തുകയായ ₹235.03 കോടി (2020-21, 2021-22 വർഷങ്ങളിൽ മാത്രം വകയിരുത്തിയത്), പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന/ കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതി (100 ശതമാനം സി.എസ്.എസ്) എന്നിവയ്ക്കായിരുന്നു. ബഡ്ജറ്റിംഗ് പ്രക്രിയ കൂടുതൽ യാഥാർത്ഥ്യബോധത്തോടെ നടത്തിയിരുന്നെങ്കിൽ, ഈ തുക അവശ്യ മരുന്നുകളും ഉപകരണങ്ങളും വാങ്ങാൻ ഉപയോഗിക്കാമായിരുന്നു.

### 6.2.1 ആരോഗ്യമേഖലയിൽ കേന്ദ്ര സർക്കാരും കേരള സർക്കാരും ചെലവഴിക്കുന്ന വിഹിതം

ആരോഗ്യമേഖലയിൽ കേന്ദ്ര സർക്കാരും കേരള സർക്കാരും ചെലവഴിക്കുന്ന വിഹിതശതമാനം, **ചാർട്ട് 6.2** -ൽ കാണിച്ചിരിക്കുന്നു.

**ചാർട്ട് 6.2: കേന്ദ്ര സർക്കാർ, കേരള സർക്കാർ ഫണ്ടുകൾക്ക് കീഴിൽ ആരോഗ്യമേഖലയ്ക്കായി ചെലവഴിക്കുന്ന തുകയുടെ ശതമാനം**




## 6.3 ദേശീയ ആരോഗ്യ നയത്തിന്റെ മാനദണ്ഡങ്ങൾക്കെതിരെ ആരോഗ്യമേഖലയിൽ സംസ്ഥാനം ചെലവഴിക്കുന്ന തുക

ഓഡിറ്റ് കാലയളവിൽ സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള ബജറ്റ് വിഹിതവുമായി താരതമ്യപ്പെടുത്തുമ്പോൾ ആരോഗ്യമേഖലയിൽ ചെലവഴിച്ച തുക **പട്ടിക 6.2-ൽ** നൽകിയിരിക്കുന്നു.

**പട്ടിക 6.2: ആരോഗ്യ മേഖലയിലെ ചെലവുകളുടെ താരതമ്യ വിശകലനം**

*(₹ കോടിയിൽ)*

| | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | മൊത്തം/ ശരാശരി |
|---|---|---|---|---|---|---|---|
| ആകെ മൊത്തം ബഡ്ജറ്റിൽ വകയിരുത്തിയത് | 132058.00 | 144881.93 | 160374.90 | 194462.61 | 208946.79 | 237016.12 | 1077740.35 |
| ആകെ മൊത്തത്തിലുള്ള ചെലവ് | 111597.71 | 133456.97 | 143721.60 | 163815.80 | 184877.38 | 205451.40 | 942920.86 |
| ആരോഗ്യമേഖലയ്ക്ക് അനുവദിച്ച തുക | 6146.69 | 7151.76 | 8099.11 | 7823.57 | 9559.20 | 12212.51 | 50992.84 |
| ആരോഗ്യമേഖലയിൽ ചെലവായ തുക | 6001.86 | 6908.58 | 7267.18 | 7560.66 | 8916.82 | 12080.82 | 48735.92 |
| ആരോഗ്യമേഖലയ്ക്ക് അനുവദിച്ച തുകയിലെ നീക്കിയിരുപ്പ് | 144.83 | 243.18 | 831.93 | 262.91 | 642.38 | 131.69 | 2256.92 |
| മൊത്തം ബഡ്ജറ്റിൽ ആരോഗ്യമേഖലയ്ക്കുള്ള വിഹിതത്തിന്റെ ശതമാനം | 4.65 | 4.94 | 5.05 | 4.02 | 4.57 | 5.15 | 4.73 |
| മൊത്തം ബഡ്ജറ്റിൽ ആരോഗ്യമേഖലയ്ക്ക് അനുവദിച്ച തുകയുടെ ശതമാനം | 4.54 | 4.77 | 4.53 | 3.89 | 4.27 | 5.10 | 4.52 |
| മൊത്തം ചെലവിൽ ആരോഗ്യമേഖലയിലെ ചെലവിന്റെ ശതമാനം | 5.38 | 5.18 | 5.06 | 4.62 | 4.82 | 5.88 | 5.16 |
| ആരോഗ്യമേഖലയ്ക്ക് വേണ്ടി വകയിരുത്തിയതിൽ ആരോഗ്യമേഖലയിൽ ചെലവഴിച്ച തുകയുടെ ശതമാനം | 97.64 | 96.60 | 89.73 | 96.64 | 93.28 | 98.92 | 95.57 |
| മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനം (ജിഎസ്ഡിപി) (സ്ഥിര വില) | 485301.54 | 516189.76 | 554228.31 | 559194.18 | 512076.08 | 573591.46 | 533430.22 |
| സംസ്ഥാനത്തിന്റെ ജിഎസ്ഡിപിയുമായി താരതമ്യപ്പെടുത്തുമ്പോൾ ആരോഗ്യമേഖലയിലെ ചെലവിന്റെ ശതമാനം | 1.24 | 1.34 | 1.31 | 1.35 | 1.74 | 2.11 | 1.52 |

*(ഉറവിടം: ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ നിന്നും അപ്രോപ്രിയേഷൻ അക്കൗണ്ടുകളിൽ നിന്നുമുള്ള ഡാറ്റ)*

മുൻവർഷത്തെ അപേക്ഷിച്ച്, ₹275.54 കോടി കുറഞ്ഞ വിഹിതം ലഭിച്ച 2019-20 കാലയളവൊഴികെ, 2016-17 മുതൽ 2021-22 വരെയുള്ള ആറ് വർഷക്കാലയളവിൽ സംസ്ഥാനത്തെ ആരോഗ്യ സേവനങ്ങൾക്കായുള്ള ബഡ്ജറ്റ് വിഹിതം 2016-17-ലെ ₹6,146.69 കോടിയിൽ നിന്ന് 98.68 ശതമാനം വർദ്ധിച്ച് 2021-22-ൽ ₹12,212.51 കോടിയായി. എന്നാൽ, ഓഡിറ്റ് കാലയളവിൽ, ആരോഗ്യമേഖലയ്ക്കുള്ള വിഹിതത്തിന്റെ ശതമാനം, മൊത്തം ബഡ്ജറ്റിന്റെ ശരാശരി 4.73 ശതമാനമായിരുന്നു. അനുവദിച്ച ഫണ്ടുമായി ബന്ധപ്പെട്ട് ആരോഗ്യമേഖലയിലെ ചെലവിന്റെ ശതമാനം 2016-17-ലെ 97.64 ശതമാനത്തിൽ നിന്ന് 2020-21 -ൽ 93.28 ശതമാനമായി കുറഞ്ഞു. എന്നാൽ, 2021-22 വർഷത്തിൽ ചെലവ്, ആരോഗ്യമേഖലയ്ക്കുള്ള വിഹിതത്തിന്റെ 98.92 ശതമാനമായി ഉയർന്നു.

2020 ആകുമ്പോഴേക്കും സംസ്ഥാനത്തെ ആരോഗ്യമേഖലയിലെ ചെലവ് ബജറ്റിന്റെ എട്ട് ശതമാനത്തിലധികമായി ഉയർത്താനാണ് എൻഎച്ച്പി 2017 വിഭാവനം ചെയ്തത്.

- **പട്ടിക 6.2**-ൽ കാണുന്നതുപോലെ, സംസ്ഥാനത്തിന്റെ ആരോഗ്യമേഖലയിലെ ചെലവ് ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചില്ല. 2016-17 മുതൽ 2021-22 വരെയുള്ള കാലയളവിൽ മൊത്തം ബഡ്ജറ്റിന്റെ 3.89 ശതമാനം മുതൽ 5.10 ശതമാനം വരെയാണ് ആരോഗ്യമേഖലയ്ക്കായി ചെലവഴിച്ചത്.

- മതിയായ നിക്ഷേപം ഉറപ്പാക്കുന്നതിന്, 2025-ഓടെ പൊതുജനാരോഗ്യമേഖലയിലെ ചെലവ് മൊത്ത സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ (ജിഎസ്ഡിപി) 2.5 ശതമാനമായി സമയബന്ധിതമായി ഉയർത്തുക എന്ന കൈവരിക്കാൻ സാദ്ധ്യമായ ലക്ഷ്യം എൻഎച്ച്പി 2017 നിർദ്ദേശിക്കുന്നു. ജിഎസ്ഡിപിയുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിൽ പൊതുജനാരോഗ്യമേഖലയിലെ ചെലവ് 2016-17 -ലെ 1.24 ശതമാനത്തിൽ നിന്ന് 2021-22 -ൽ 2.11 ശതമാനമായി ഉയർന്നത് പോസിറ്റീവ് പ്രവണതയായി ഓഡിറ്റ് നിരീക്ഷിച്ചു. സംസ്ഥാനത്തെ ആരോഗ്യമേഖലയിലെ ചെലവിനെ സംസ്ഥാനത്തിന്റെ മൊത്തം ചെലവുമായും ജിഎസ്ഡിപിയുമായും താരതമ്യം ചെയ്തത് **ചാർട്ട് 6.3**-ൽ കാണിച്ചിരിക്കുന്നു.

**ചാർട്ട് 6.3: സംസ്ഥാനത്തെ ആരോഗ്യമേഖലയിലെ ചെലവ്, സംസ്ഥാനത്തിന്റെ മൊത്തം ചെലവ്/ ജിഎസ്ഡിപിയുമായി താരതമ്യം ചെയ്തത്**




## 6.4 റവന്യൂ, മൂലധന വിഹിതവും ചെലവും

2016-22 കാലയളവിൽ ആരോഗ്യമേഖലയ്ക്കായി ₹50,992.84 കോടി ബജറ്റിൽ വകയിരുത്തിയപ്പോൾ, റവന്യൂ വിഹിതം ₹48,579.09 കോടിയും (95.27 ശതമാനം), മൂലധന വിഹിതം ₹2,413.75 കോടി (4.73 ശതമാനം) മാത്രവും ആയിരുന്നു. അങ്ങനെ, റവന്യൂ വിഹിതം വർദ്ധിക്കുന്നതായി കണ്ടെങ്കിലും, ഓഡിറ്റ് കാലയളവിലുടനീളം മൂലധന വിഹിതം ഏറെക്കുറെ മാറ്റമില്ലാതെ തുടർന്നു, ഇത് അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും നവീകരിക്കുന്നതിനുമുള്ള ഫണ്ട് ക്രമാനുഗതമായി വകയിരുത്തിയതിലെ വീഴ്ചകൾ വെളിപ്പെടുത്തി. മുകളിൽ പറഞ്ഞ കാലയളവിലെ ചെലവ് ₹48,735.92 കോടിയിൽ റവന്യൂ ചെലവും മൂലധന ചെലവും യഥാക്രമം ₹46,668.75 കോടി (95.76 ശതമാനം), ₹2,067.17 കോടി (4.24 ശതമാനം) എന്നിങ്ങനെയായിരുന്നു. 2016-22 എന്ന ആറ് വർഷക്കാലയളവിൽ റവന്യൂ, മൂലധന ശീർഷകങ്ങൾക്ക് കീഴിലുള്ള വകയിരുത്തലും ചെലവും **ചാർട്ട് 6.4**-ൽ കാണിച്ചിരിക്കുന്നു.

**ചാർട്ട് 6.4: റവന്യൂ, മൂലധന വകയിരുത്തലും ചെലവും (2016-22)**

***(₹ കോടിയിൽ)***




| | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|
| റവന്യൂ വകയിരുത്തൽ | 5784.73 | 6711.68 | 7552.51 | 7496.52 | 9168.33 | 11865.32 |
| മൂലധന വകയിരുത്തൽ | 361.96 | 440.08 | 546.60 | 327.05 | 390.87 | 347.19 |




ഈ റിപ്പോർട്ടിന്റെ അഞ്ചാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നതുപോലെ, അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ അപൂർണ്ണമായി തുടരുന്നതിന്റെ പശ്ചാത്തലത്തിൽ

വേണം ത്തുച്ഛമായ മൂലധനച്ചെലവിൽ പ്രതിഫലിച്ച മൂലധന വിഹിതത്തിലെ കുറവ് കാണേണ്ടത്.

## 6.5 ദേശീയ ആരോഗ്യ ദൗത്യത്തിന് കീഴിലുള്ള പ്രധാന ഘടകങ്ങൾക്കുള്ള ബഡ്ജറ്റ് വകയിരുത്തലും ചെലവും

2016–17 മുതൽ 2021–22 വരെയുള്ള കാലയളവിലെ എൻഎച്ച്എമ്മിന് കീഴിലുള്ള പ്രധാന ഘടകങ്ങൾക്കുള്ള ബഡ്ജറ്റ് വകയിരുത്തലും ചെലവും വിനിയോഗത്തിന്റെ വർഷം തിരിച്ചുള്ള ശതമാനവും **പട്ടിക 6.3**–ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 6.3: എൻഎച്ച്എമ്മിന് കീഴിലുള്ള പ്രധാന ഘടകങ്ങൾക്കുള്ള ബഡ്ജറ്റ് വകയിരുത്തലും ചെലവും**

| പദ്ധതിയുടെ പേര് | 2016-17 മുതൽ 2020-22 വരെയുള്ള മൊത്തം ബഡ്ജറ്റ് (₹ ലക്ഷത്തിൽ) | 2016-17 മുതൽ 2020-22 വരെയുള്ള മൊത്തം ചെലവ് (₹ ലക്ഷത്തിൽ) | മൊത്തം ബഡ്ജറ്റിൽ ചെലവിന്റെ ശതമാനം | വിനിയോഗത്തിന്റെ ശതമാനം | | | | | | 2016-17 മുതൽ 2021-22 വരെയുള്ള ആറ് വർഷത്തേക്കുള്ള സ്പാർക്ക് ലൈൻ |
|---|---|---|---|---|---|---|---|---|---|---|
| | | | | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | |
| സാംക്രമിക രോഗവാഹികളിലൂടെ പകരുന്ന രോഗങ്ങൾ നിയന്ത്രിക്കാനുള്ള ദേശീയ പദ്ധതി | 4611 | 2477 | 54 | 69 | 115 | 86 | 32 | 26 | 41 |  |
| വിവര വിദ്യാഭ്യാസ വിനിമയം/ പെരുമാറ്റ വ്യതിയാന വിനിമയം | 8751 | 5399 | 62 | 57 | 104 | 50 | 56 | 49 | 79 |  |
| അയോഡിന്റെ കുറവു മൂലമുള്ള അരിഷ്ടതകൾ | 302 | 98 | 32 | 33 | 16 | 10 | 295 | 100 | 10 |  |
| ഉപകരണങ്ങൾ/മരുന്നുകൾ വാങ്ങുന്നതിനുള്ള ഫണ്ട് | 123513 | 85056 | 69 | 88 | 86 | 83 | 35 | 88 | 71 |  |
| പുതിയ നിർമ്മാണം/നവീകരണം സജ്ജീകരണത്തിനുമായിട്ടുള്ള ഫണ്ടുകൾ | 50003 | 24815 | 50 | 106 | 69 | 10 | 22 | 100 | 79 |  |
| നൂതന പ്രവൃത്തി | 5247 | 3768 | 72 | 70 | 164 | 117 | 26 | 64 | 47 |  |
| അടിസ്ഥാന സൗകര്യ പരിപാലനം (റീഇംബേഴ്സ്മെന്റ്) | 153490 | 153490 | 100 | 100 | 100 | 100 | 100 | 100 | 100 |  |

*(ഉറവിടം: എൻഎച്ച്എം നൽകിയ വിവരങ്ങൾ)*

2016–22 കാലയളവിൽ വിവിധ പദ്ധതികൾക്കു കീഴിലുള്ള മൊത്തം വിനിയോഗത്തിൽ 32 മുതൽ 100 ശതമാനം വരെയുള്ള ഗണ്യമായ വ്യതിയാനം കാണുകയുണ്ടായി.

## 6.6 മരുന്നുകൾ വാങ്ങുന്നതിനുള്ള ഫണ്ടിന്റെ അപര്യാപ്തത

ആശുപത്രികളിലേയ്ക്കുള്ള മരുന്നുകളും ഉപകരണങ്ങളും മറ്റു സാമഗ്രികളും വാങ്ങുന്നതിനും വിതരണം ചെയ്യുന്നതിനുമായി സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിൽ കെഎംഎസ് സിഎൽ എന്ന കമ്പനി സ്ഥാപിക്കപ്പെട്ടു (2007). മരുന്നുകൾ വാങ്ങുന്നതിനായി കെഎംഎസ് സിഎൽ–ന് കേരള സർക്കാർ ഗ്രാന്റുകൾ നൽകുന്നു. 2016–17 മുതൽ 2021–22 വരെയുള്ള കാലയളവിൽ വകയിരുത്തിയ ₹2,573.35 കോടിയിൽ, കെഎംഎസ്സിഎല്ലിന് മരുന്ന് വാങ്ങുന്നതിനുള്ള ഗ്രാന്റായി ₹2,497.39 കോടി കേരള സർക്കാർ നൽകി. ഒരു സാമ്പത്തിക വർഷത്തേക്കുള്ള ഇൻഡന്റ് ക്ഷണിക്കുന്നതിന് മുമ്പ്, മരുന്നുകൾ വാങ്ങുന്നതിനായുള്ള പ്രതീക്ഷിത ബജറ്റ് വിഹിതത്തെ അടിസ്ഥാനമാക്കി ഓരോ തലത്തിലുമുള്ള ആശുപത്രികൾക്ക് സാമ്പത്തിക പരിധി നിശ്ചയിച്ചിരുന്നുവെന്ന് ഓഡിറ്റ് ശ്രദ്ധിച്ചു. കൂടാതെ മരുന്ന് സംഭരണം യഥാർത്ഥ ആവശ്യകതയേക്കാൾ വളരെ കുറവായിരുന്നുവെന്നത്, കെഎംഎസ്സിഎല്ലിനുള്ള ബജറ്റ് വിഹിതം മരുന്നുകളുടെ

യഥാർത്ഥ ആവശ്യകതയെ അടിസ്ഥാനമാക്കിയല്ലായിരുന്ന എന്ന വസ്തുത ഉറപ്പിക്കുന്നുവെന്നും ഓഡിറ്റ് ശ്രദ്ധിച്ചു. തൽഫലമായി ആശുപത്രികൾക്ക് നിശ്ചയിച്ചിട്ടുള്ള സാമ്പത്തിക പരിധി യഥാർത്ഥമല്ലായിരുന്നു. മരുന്നുകളുടെ കുറഞ്ഞ സംഭരണത്തിന് കാരണമാകുന്ന അയഥാർത്ഥമായ സാമ്പത്തിക പരിധിയുടെ പ്രത്യാഘാതങ്ങൾ ഈ റിപ്പോർട്ടിന്റെ നാലാം അധ്യായത്തിൽ വിവരിച്ചിട്ടുണ്ട്.

## 6.7 നിർവ്വഹണ ഏജൻസികൾക്ക് ഫണ്ട് അനുവദിക്കുന്നതിലുണ്ടായ കാലതാമസം

**പട്ടിക 6.4**-ൽ കാണിച്ചിരിക്കുന്നപോലെ ഓഡിറ്റ് കാലയളവിൽ എൻഎച്ച്എമ്മിനും, എൻഎംഎമ്മിനും കേന്ദ്ര/ സംസ്ഥാന വിഹിതം റിലീസ് ചെയ്യുന്നതിൽ കേരള സർക്കാർ കാലതാമസം വരുത്തിയതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

**പട്ടിക 6.4: നിർവ്വഹണ ഏജൻസികൾക്ക് ഫണ്ട് അനുവദിക്കുന്നതിലുണ്ടായ കാലതാമസം**

*(₹ കോടിയിൽ)*

| നിർവ്വഹണ ഏജൻസിയുടെ പേര് | കാലതാമസത്തോടെ അനുവദിച്ച തുക | 15 ദിവസം വരെ കാലതാമസത്തോടെ അനുവദിച്ച തുക | ആറ് മാസം വരെ കാലതാമസത്തോടെ അനുവദിച്ച തുക | ആറ് മാസത്തിലധികം കാലതാമസത്തോടെ അനുവദിച്ച തുക |
|---|---|---|---|---|
| എൻഎംഎം | 176.37 | ഇല്ല | 37.81 | 138.56[85] |
| എൻഎച്ച്എം | 2002.28 | 265.78 | 1412.65 | 323.85 |

*(ഉറവിടം: എൻഎംഎം, എൻഎച്ച്എം)*

കൂടാതെ പരിശോധന നടത്തിയ ആശുപത്രികളിൽ, ശരിയായ സ്ഥലം കണ്ടെത്തുന്നതിലും നിർദ്ദേശങ്ങൾ അന്തിമമാക്കുന്നതിലും മറ്റും ആശുപത്രി അധികൃതരുടെ ഭാഗത്തുനിന്നും, ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിൽ സർക്കാരിന്റെ ഭാഗത്തുനിന്നും കാലതാമസം ഉണ്ടായതിനാൽ സർക്കാർ ഫണ്ട് അനുവദിക്കുന്നതിൽ കാലതാമസം നേരിട്ടതായി ഓഡിറ്റ് നിരീക്ഷിച്ചു. തിരുവനന്തപുരത്തെ ജിഎംസിയിൽ മൂന്ന് പദ്ധതികൾ[86] നടപ്പിലാക്കുന്നതിനായി അനുവദിച്ച ₹4.09 കോടിയുടെ കേന്ദ്ര സർക്കാർ ഫണ്ടുകൾ 19 മാസം മുതൽ അഞ്ച് വർഷം വരെ വൈകിയാണ് കേരള സർക്കാർ റിലീസ് ചെയ്തത്. ഇത് ഈ റിപ്പോർട്ടിന്റെ അഞ്ചാം അധ്യായത്തിൽ വിശദമാക്കിയിരിക്കുന്നു (ഖണ്ഡികകൾ 5.8.3, 5.8.5, 5.8.6).

ഭാവിയിൽ കാലതാമസം ഉണ്ടാകാതിരിക്കാൻ നടപടികൾ കൈക്കൊള്ളുമെന്ന് (2022 ഒക്ടോബർ) കേരള സർക്കാർ പ്രസ്താവിച്ചു.

### 6.7.1 കേരള സർക്കാർ ആനുപാതിക വിഹിതം റിലീസ് ചെയ്യുന്നതിലെ കാലതാമസം

എൻഎച്ച്എമ്മിന്റെ സാമ്പത്തിക സ്രോതസ്സുകളിൽ കേന്ദ്ര സർക്കാരിൽ നിന്നും പണമായോ പണേതരഗ്രാന്റായോ ലഭിക്കുന്ന വിഹിതത്തിന്റെ ആനുപാതികമായ സംസ്ഥാന വിഹിതവും ഉൾപ്പെടുന്നു. കേന്ദ്ര സർക്കാർ രേഖകൾ പ്രകാരം, 2019-20, 2020-21 വർഷങ്ങളിൽ കേന്ദ്ര സർക്കാർ റിലീസ് ചെയ്ത ₹49.51 കോടിയുടെ ആനുപാതിക വിഹിതം സംസ്ഥാനം റിലീസ് ചെയ്തില്ല. ഇക്കാര്യം കേരള സർക്കാരിനെ അറിയിച്ചിട്ടുണ്ടെന്നും (2022 ജനുവരി) വിഷയം സർക്കാരിന്റെ പരിഗണനയിലാണെന്നും എൻഎച്ച്എം വ്യക്തമാക്കി.

[85] 2016-17 ഒഴികെ, അതാത് വർഷങ്ങളിലും തുടർന്നുള്ള വർഷങ്ങളിലും ഫണ്ട് അനുവദിച്ചു

[86] ഫോർ സ്റ്റേഷൻ ടെമ്പറൽ ബോൺ ലാബ് സ്ഥാപിക്കൽ, ബേൺസ് യൂണിറ്റ് സ്ഥാപിക്കൽ, ദേശീയ മാനസികാരോഗ്യ പരിപാടി നടപ്പാക്കൽ

## 6.8 ആരോഗ്യവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കുള്ള ഫണ്ടുകളുടെ നിരീക്ഷണം

ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി അനുവദിച്ച ഫണ്ടുകൾ സമയബന്ധിതമായി/ശരിയായി വിനിയോഗിക്കപ്പെടാതെ നിർവ്വഹണ ഏജൻസികളിൽ മുടങ്ങിക്കിടക്കുന്നത് അനുവദിക്കപ്പെട്ട ഫണ്ടുകളുടെ മേൽനോട്ടത്തിലെ അപാകതകൾ വെളിപ്പെടുത്തുന്നു.

ആയുഷ് വകുപ്പിന് കീഴിലുള്ള ഹോമിയോപ്പതി ഡിസ്പെൻസറികളുടെയും ആശുപത്രികളുടെയും ക്രമവൽക്കരണത്തിനായി ₹2.10 കോടി (2017 മെയ് മാസത്തിൽ ₹1.40 കോടിയും 2018 മെയ് മാസത്തിൽ ₹0.70 കോടിയും) കേരള സർക്കാർ അനുവദിച്ചു. പദ്ധതി നടപ്പാക്കാനായി ഹോമിയോപ്പതി ഡയറക്ടർ (2018 ഫെബ്രുവരിയിലും, ഡിസംബറിലും) ഫണ്ട് എൻഎച്ച്എമ്മിലേയ്ക്ക് കൈമാറി. എൻഎഎം സിവിൽ വർക്കുകൾക്കായി എൻഎച്ച്എമ്മും പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റുമാരും തമ്മിൽ നടത്തിയ എല്ലാ കരാറുകളും റദ്ദാക്കിയതിനാൽ (2020 ഒക്ടോബർ), എൻഎഎമ്മിലേയ്ക്ക് ഫണ്ട് കൈമാറാൻ എൻഎഎം ഹോമിയോപ്പതി ഡയറക്ടറോട് അഭ്യർത്ഥിക്കുകയും (2021 ജൂൺ), എൻഎച്ച്എമ്മിൽ നിന്ന് എൻഎഎമ്മിലേയ്ക്ക് ഫണ്ട് കൈമാറുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ ഹോമിയോപ്പതി ഡയറക്ടർ (2021 ജൂൺ) കേരള സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തു. എന്നാൽ നൽകിയ മുഴുവൻ തുകയും, കഴിഞ്ഞ നാല് വർഷമായി കൈമാറ്റം ചെയ്യാത്തതിനാൽ എൻഎഎമ്മിന് പ്രവൃത്തികൾ ആരംഭിക്കാൻ കഴിഞ്ഞില്ല.

ഫണ്ട് എൻഎഎമ്മിന് കൈമാറിയെന്നും അത് 2023-24 സാമ്പത്തിക വർഷത്തിനുള്ളിൽ ചെലവാക്കുമെന്നും കേരള സർക്കാർ പ്രസ്താവിച്ചു (2023 ഒക്ടോബർ). എന്നാൽ, നാല് വർഷം പിന്നിട്ടിട്ടും പദ്ധതി യാഥാർഥ്യമാക്കാൻ കഴിഞ്ഞില്ലെന്ന വസ്തുത നിലനിൽക്കുന്നു.

## 6.9 ഫണ്ടുകളുടെ ക്രമരഹിതമായ നിലനിർത്തൽ

പരിശോധന നടത്തിയ മെഡിക്കൽ കോളേജുകളിൽ ഉപകരണങ്ങൾ വാങ്ങുന്നതിനും കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി അനുവദിച്ച ഫണ്ട് സമയോചിതമായ/ശരിയായ വിനിയോഗം നടത്താതെ അധികാരികൾ കൈവശം വച്ചിരിക്കുന്നതായി കണ്ടെത്തിയത് ഈ റിപ്പോർട്ടിന്റെ അധ്യായങ്ങൾ IV, V എന്നിവയിലെ ഖണ്ഡിക 4.7.1.2-ലും 5.8.3 മുതൽ 5.8.6 വരെയുള്ള ഖണ്ഡികകളിലും വിശദീകരിച്ചിരിക്കുന്നു.

## 6.10 ശിപാർശ

- ദേശീയ ആരോഗ്യ നയം നിശ്ചയിച്ചിട്ടുള്ള ലക്ഷ്യത്തിന് അനുസൃതമായി സംസ്ഥാനത്തെ ആരോഗ്യ മേഖലയിലെ ചെലവ് വർദ്ധിപ്പിക്കുന്നതിനായി കേരള സർക്കാർ ഒരു കർമ്മ പദ്ധതി ആവിഷ്കരിക്കണം.